പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1710 18.06.2012 ലെ മറുപടിക്ക്

## പെട്രോൾ വിലവർദ്ധനവിലെ ഇളവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.അജിത് | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം കേന്ദ്രസർക്കാർ പെട്രോളിന് എത്ര തവണ വില വർദ്ധിപ്പിച്ചു എന്നും ഓരോ തവണയും എത്ര രൂപ വീതം വർദ്ധിപ്പിച്ചു എന്നും വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പെട്രോളിന് നാല് തവണ വില വർദ്ധിപ്പിച്ചിട്ടുണ്ട്. 2011 മേയ് 14 ന് ലിറ്ററിന് 5 രൂപയും സെപ്റ്റംബർ 16 ന് 3.14 രൂപയും നവംബർ 3 ന് 1.82 രൂപയും 2012 മേയ് 24 ന് 6.28 രൂപയും ആണ് എണ്ണക്കമ്പനികൾ വർദ്ധിപ്പിച്ചത്. |
| (ബി) ഈ വർദ്ധനവിൽ ഓരോ തവണയും എത്ര രൂപ വീതം സംസ്ഥാന സർക്കാർ ഇളവ് നൽകി എന്നും നൽകിയ ഇളവുകൾ ഇപ്പോഴും തുടരുന്നുണ്ടോ എന്നും വ്യക്തമാക്കാമോ; | (ബി) & (സി) യു ഡി എഫ് ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം പെട്രോളിന് വില വർദ്ധനവുണ്ടായപ്പോഴെല്ലാം ആ വിലവർദ്ധനവിന്മേൽ ലഭിക്കുമായിരുന്ന അധിക നികുതി വേണ്ടെന്നു വയ്ക്കുകയും ഇതിനു വേണ്ടി റവന്യൂ ന്യൂട്രൽ റേറ്റിലുള്ള നികുതി നിരക്ക് കണ്ടെത്തുകയും ലഭിച്ചു കൊണ്ടിരുന്ന നികുതി, വില വർദ്ധന വരുമ്പോഴും കിട്ടത്തക്ക വിധം നികുതി നിരക്ക് കുറച്ച് ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് ഇപ്പോഴും തുടർന്നു വരുന്നു. അതുപോലെ തന്നെ പെട്രോളിയം കമ്പനികൾ വിലയിൽ കുറവു വരുത്തുമ്പോൾ മുമ്പ് കിട്ടിക്കൊണ്ടിരുന്ന നികുതി കിട്ടത്തക്ക വിധം നികുതി നിരക്ക് വർദ്ധിപ്പിച്ച് പുന:ക്രമീകരിക്കുകയും ചെയ്യുന്നു. വിലവർദ്ധനവുണ്ടായപ്പോൾ സംസ്ഥാന സർക്കാർ വില്പന നികുതി നിരക്കിൽ വരുത്തിയ കുറവ് താഴെ പറയും പ്രകാരമാണ്. |

(സി) ഇല്ലെങ്കിൽ ഇളവുകൾ എന്തുകാരണത്താലാണ് പിൻവലിച്ചതെന്ന് വ്യക്തമാക്കാമോ?

| വില വർദ്ധന തിയതി | വിലയിൽ വന്ന വർദ്ധന | വേണ്ടെന്നു വച്ച നികുതി വരുമാനം (പ്രതിമാസം കോടിയിൽ) | നികുതി നിരക്ക് (കുറച്ചത്) From | To | SRO No. |
|---|---|---|---|---|---|
| 2011 മേയ് 14 | 5 | 11 | 29.01 | 26.64 | 305/11 |
| 2011 സെപ്. 16 | 3.14 | 9.08 | 26.64 | 25.42 | 582/11 |
| 2011 നവ. 3 | 1.82 | 5.1 | 25.42 | 24.75 | 707/11 |
| 2012 മേയ് 24 | 6.28 | 22.48 | 25.82 | 23.07 | 372/12 |

സെക്ഷൻ ഓഫീസർ